## ട്രാൻസ്പോർട്ട് കമ്മീഷണർ, കേരള, തിരുവനന്തപുരത്തിന്റെ നടപടിക്രമം
## (സാന്നിദ്ധ്യം: എസ്. ശ്രീജിത്ത്, ഐ.പി.എസ്)

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** – അപകടത്തിൽപ്പെടുന്ന വാഹനങ്ങൾ - പോലീസ് സ്റ്റേഷനുകളിൽ നിന്നുള്ള റിക്വസ്റ്റുകൾ -പരിശോധന രീതി -ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്.

സൂചന :- 1 ) 09/02/2022 തീയതിയിലെ എ1/24/2022/റ്റിസി നമ്പർ ഉത്തരവ്
2 ) എൻഫോഴ്സ്മെന്റ് ആർ ടി ഓ മാരുടെ വിവിധ തീയതികളിൽ കത്തുകൾ.
3 ) സൂചന (1 ) ഉത്തരവിനെത്തുടർന്ന് വാഹന പരിശോധനയിൽ ഉണ്ടാകുന്ന കാലതാമസം സംബന്ധിച്ച് വിവിധ സംഘടനകളും വ്യക്തികളും സമർപ്പിച്ച നിവേദനങ്ങൾ.

### ഉത്തരവ് നമ്പർ ഇ1/106/2022/റ്റിസി, തീയതി:27/05/2022

ട്രാൻസ്പോർട്ട് കമ്മീഷണറുടെ 09.02.2022 തീയതിയിലെ സൂചന (1) ഉത്തരവിൻ പ്രകാരം വിവിധ പോലീസ് സ്റ്റേഷനുകളിൽ നിന്നും ലഭിക്കുന്ന അപകടങ്ങളുമായി ബന്ധപ്പെട്ട വാഹന പരിശോധനയ്ക്കായുള്ള അപേക്ഷകൾ ടി. ജില്ലകളിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

ഇപ്രകാരം എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ അപകട പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നത് റോഡ് സുരക്ഷാ കാര്യങ്ങളിൽ ശ്രദ്ധപതിപ്പിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് കഴിയാത്ത സാഹചര്യവും റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ കാലതാമസവും ഉണ്ടാകുന്നതായി എൻഫോഴ്സ്മെന്റ് ആർ.ടി.ഒ.മാർ അറിയിക്കുകയുണ്ടായി.
കൂടാതെ വാഹന പരിശോധന റിപ്പോർട്ട് നല്കുന്നതിലുണ്ടായ കാലതാമസത്തെപ്പറ്റി വ്യക്തികളിൽ നിന്നും വിവിധ സംഘടനകളിൽനിന്നും പരാതികൾ ലഭിക്കുകയുണ്ടായി..

ഈ സാഹചര്യത്തിൽ സൂചന (1) പ്രകാരമുള്ള ഉത്തരവിലെ 1, 2, 3 പിരിവുകൾ നിലനിർത്തി 4, 5, 6 പിരിവുകളിൽ പ്രതിപാദിക്കുന്ന അപകടങ്ങളിൽപ്പെടുന്ന വാഹനങ്ങളുടെ പരിശോധന സംബന്ധിച്ച കാര്യങ്ങളിൽ താഴെപ്പറയുന്ന ഭേദഗതികൾ വരുത്തി ഇതിനാൽ ഉത്തരവാകുന്നു.

ജില്ലകളിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ നിന്നും എൻഫോഴ്സ്മെന്റ് ആർ.ടി.ഒ.യ്ക്ക് അപകടത്തിൽ ഉൾപ്പെട്ട വാഹനങ്ങളുടെ പരിശോധനക്കായി ലഭിക്കുന്ന അപേക്ഷകൾ അതാത് എൻഫോഴ്സ്മെന്റ് ആർ.ടി.ഒ. ഇതിനായി സൂക്ഷിക്കുന്ന

രജിസ്റ്ററിൽ രേഖപ്പെടുത്തിയ ശേഷം അപകടം നടന്ന പ്രദേശങ്ങളുടെ അധികാരപരിധിയുള്ള ആർ.ടി.ഒ./സബ് ആർ.ടി.ഓ. ഓഫീസുകളിലേക്ക് കൈമാറുകയോ, തന്റെ കീഴിലുള്ള എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ മുഖാന്തിരം പരിശോധന നടത്തുകയോ ചെയ്യേണ്ടതാണ്.

പ്രവൃത്തി ദിവസങ്ങളിൽ ഉച്ചക്ക് 2 മണി വരെ ലഭിക്കുന്ന അപേക്ഷകൾ അന്നുതന്നെ അതാതു ഓഫീസുകളിലേക്ക് കൈമാറേണ്ടതാണ്. ഇങ്ങനെ അയച്ചു കൊടുക്കുന്ന അപേക്ഷകൾ ബന്ധപ്പെട്ട ആർ ടി ഒ / ജോയിന്റ് ആർ.ടി.ഒ.-മാർ അതാതു ഓഫീസുകളിലെ എം.വി.ഐ/എ.എം.വി.ഐ-മാർക്ക് പരിശോധനക്കായി നൽകേണ്ടതും, ബന്ധപ്പെട്ട എം.വി.ഐ/ എ.എം.വി.ഐ-മാർ അപേക്ഷ ലഭിച്ച 48 മണിക്കൂറിനുള്ളിൽ പ്രസ്തുത വാഹനങ്ങളുടെ പരിശോധന പൂർത്തിയാക്കേണ്ടതുമാണ്.

വാഹന പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ അതാത് ആർ ടി ഒ/ ജോയിന്റ് ആർ ടി ഒ മുഖാന്തിരം എൻഫോഴ്സ്മെന്റ് ആർ ടി ഒ യ്ക്ക് വാഹനാപകടത്തിന്റെ കാരണം വിശകലനം ചെയ്ത് നടപടികൾ സ്വീകരിക്കുന്നതിനായി താഴെപ്പറയുന്നവ എല്ലാ ആഴ്ചയിലും അവസാനത്തെ പ്രവർത്തി ദിവസം തന്നെ അയച്ചുനൽകേണ്ടതാണ്.

1. വാഹന പരിശോധന റിപ്പോർട്ടിന്റെ പകർപ്പ്.
2. അപകട കാരണങ്ങൾ സംബന്ധിച്ച റിപ്പോർട്ട്.

ഇപ്രകാരം ലഭിക്കുന്ന റിപ്പോർട്ടുകൾ എൻഫോഴ്സ്മെന്റ് സ്ക്വാഡ് വഴി പരിശോധിച്ചു പരിഹാരമാർഗ്ഗങ്ങൾ ജില്ലാ റോഡു സുരക്ഷാ കൌൺസിലിൽ സമർപ്പിക്കുകയും, പോലീസ്, പൊതുമരാമത്ത് വകുപ്പുകളുമായി സംയുക്ത പരിശോധന നടത്തി നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

പരിശോധന ഉദ്യോഗസ്ഥർ തങ്ങളുടെ ആർ ടി ഒ/ ജോയിന്റ് ആർ.ടി.ഒ. മുൻപാകെ കുറ്റാരോപിതരായ ഡ്രൈവർമാരുടെ ലൈസൻസിന്മേലുള്ള അയോഗ്യത നടപടികൾക്കായി റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടതും, ആർ.ടി.ഒ./ ജോയിന്റ് ആർ.ടി.ഓ-മാർ അയോഗ്യതാ നടപടികൾ പൂർത്തിയാക്കിയ ശേഷം മാസം തോറും ആയതിന്റെ കണക്ക് എൻഫോഴ്സ്മെന്റ് ആർ.ടി.ഒ.മാർക്ക് അയച്ചു നൽകേണ്ടതുമാണ്.

അപകടങ്ങൾ സംബന്ധിച്ച് ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലേക്ക് നൽകേണ്ട കണക്കുകൾ, വിവരങ്ങൾ, അനലിറ്റിക്കൽ റിപ്പോർട്ടുകൾ, പരിഹാര നിർദ്ദേശങ്ങൾ എന്നിവ (പവർ പോയിന്റ്, റിപ്പോർട്ട് പ്രസന്റേഷൻ - ഉതകുന്ന മാതൃകയിൽ) നൽകേണ്ടത് എൻഫോഴ്സ്മെന്റ് ആർ.ടി.ഒ.യുടെ ചുമതല ആയിരിക്കും. പ്രതിമാസ അപകട വിവര കണക്കുകൾ തൊട്ടടുത്ത മാസം 10-ാം തീയതിക്കു മുൻപായി ലഭ്യമാക്കേണ്ടതാണ്.

Digitally signed by S SREEJITH I P S
Date:Fri May 27 22:53:35 IST 2022
Reason: Approved

S Sreejith I P S

Transport Commissioner

സ്വീകർത്താവ്:

1. എല്ലാ എൻഫോഴ്സ്മെന്റ് ആർ.ടി.ഒ മാർക്കും.
2. എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
3. എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

പകർപ്പ്:

1. എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും.
2. ട്രാൻസ്പോർട്ട് കമ്മീഷണർ, അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) എന്നിവരുടെ സി.എ മാർക്ക്.

**PROCEEDINGS OF THE TRANSPORT COMMISSIONER,**
**TRANSPORT COMMISSIONERATE, THIRUVANANTHAPURAM**
**PRESENT: M R Ajithkumar Ips**

Sub:- Motor Vehicles Department- Establishment - Additional Duties/Functions of Regional Transport Officers(Enforcement) - Orders Issued

Read:-
1. G.O. (Ms) No. 42/2018/Trans dated 04.06.2018
2. G.O. (Ms) No. 56/2018/Trans dated 24.09.2018
3. G.O. (Ms) No. 20/2019/Trans dated 02.03.2019
4. G.O. (Ms) No. 1/2022/Trans dated 02.01.2022

**ORDER NO. A1/24/2022-TC DATED 09/02/2022**

As per the Government Orders read above, Government have created 14 Regional Transport Offices (Enforcement) in all the Districts for Road Safety related activities.

The Regional Transport Officers (Enforcement) are hereby authorized to carryout the following duties / additional functions in addition to the existing duties /functions, under their respective jurisdiction.

1. The Regional Transport Officers (Enforcement) shall be the Convenor of the District Road Safety Council of the District concerned, in the place of the existing Regional Transport Officer.
2. The Regional Transport Officers (Enforcement) is authorized to suspend Driving Licenses under the jurisdiction of the District concerned, in addition to the powers already being exercised by the Regional Transport Officers of Regional Transport Offices.
3. The administrative works relating to the suspension of Driving Licenses shall be carried out in the Regional Transport Offices itself, as being presently done.
4. The officers of the Regional Transport Offices (Enforcement) shall carryout the duties relating to the accident inspection of vehicles in the districts concerned.
5. The Regional Transport Officers (Enforcement) shall designate officers of the Enforcement Wing for carrying out the accident inspection, for each Police Station of the district concerned, according to the area of operation of the Enforcement Squads.
6. In the absence of any officer designated for the purpose of accident inspection, having jurisdiction over a particular Police Station, the Regional

Transport Officers (Enforcement) shall authorize any such officer under his disposal to carryout the accident inspection, so that the same shall not suffer under any circumstances.

M R Ajithkumar Ips
Transport Commissioner

To
All DTCs/RTOs/RTOs(E) & Joint RTOs

Copy to

1. The Road Safety Commissioner (with C/L)
   (For necessary action regarding the DRSCs)
2. The Joint Transport Commissioner(Enforcement)
   (For necessary action regarding issuance of guidelines on License suspension and Accident Inspection)
3. CA to TC, Additional TC, JTC & Secretary STA, Senior DTC(Taxation), Senior Superintendent (E) Section, E1 Section, Transport Commissionerate